പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .3315 — 25.06.2012-ൽ മറുപടിക്ക്

# കാസർഗോഡ് ജില്ലയിലെ ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം

ചോദ്യം — മറുപടി

| | | | |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കാസർഗോഡ് ജില്ലയിൽ ഏതൊക്കെ ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണ പ്രവൃത്തികളാണ് നടന്നു കൊണ്ടിരിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിൽ ചന്ദ്രഗിരി പുഴയുടെ അഴിമുഖത്ത് ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന കാസർഗോഡ് ഫിഷറി ഹാർബറിന്റെ നിർമ്മാണവും ഹോസ്ദുർഗ്ഗ് താലൂക്കിലെ ചെറുവത്തൂർ പുഴയുടെ മടക്കര അഴിമുഖത്തായി 75% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന ചെറുവത്തൂർ ഫിഷറി ഹാർബറിന്റെ നിർമ്മാണവും നടന്നു വരുന്നു. |
| (ബി) | പ്രസ്തുത ഹാർബറുകളുടെ നിർമ്മാണം ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (ബി) | 1. കാസർഗോഡ് ഫിഷറി ഹാർബറിന്റെ പ്രധാന ഘടകങ്ങളായ പുലിമുട്ടുകൾ, ഷോർ പ്രൊട്ടക്ഷൻ വാൾ മുതലായവയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ഏകദ്ദേശം 55%ത്തോളം നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പുലിമുട്ടുകളുടെ നിർമ്മാണം 90%ത്തോളം പൂർത്തീകരിക്കുകയും വാർഫ്, ഓക്ഷൻഹാൾ എന്നിവയുടെ നിർമ്മാണത്തിനായി പുതുക്കിയ സാങ്കേതികാനുമതി നൽകുകയും ടെണ്ടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.<br>2. ചെറുവത്തൂർ ഫിഷറി ഹാർബറിന്റെ പുലിമുട്ടുകൾ, ഷോർ പ്രൊട്ടക്ഷൻ വാൾ, വാർഫ്, ഓക്ഷൻ ഹാൾ, പ്രൊട്ടക്ഷൻ ബണ്ട് എന്നിവയുടെ നിർമ്മാണം പുരോഗമിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (സി) | കാസർഗോഡ് ഹാർബറിന്റെ നിർമ്മാണ പ്രവൃത്തി തടസ്സപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ കരിങ്കല്ലുകൾ ഖനനം ചെയ്യുന്നതും കല്ലുകൾ ലോറികളിലും, ടിപ്പറുകളിലും കയറ്റിക്കൊണ്ടു പോകുന്നതും പരിസ്ഥിതി പ്രവർത്തകരുടേയും, പ്രാദേശിക സംഘടനകളുടേയും എതിർപ്പിന് കാരണമാകുന്നു. ഈ തടസ്സങ്ങൾ ജില്ലയിലെ ഫിഷറി ഹാർബറുകളുടെ നിർമ്മാണത്തെ സാരമായി ബാധിക്കുകയും ഇതു മൂലം പല സന്ദർഭങ്ങളിലും നിർമ്മാണ പ്രവൃത്തികൾ തടസ്സപ്പെട്ടിട്ടുമുണ്ട്. കൂടാതെ ഹാർബർ സൈറ്റിലേയ്ക്കുള്ള പൊതു മരാമത്ത് റോഡ് നവീകരണത്തിനായി അടച്ചിട്ടതിനാൽ കുറെ ദിവസങ്ങളിൽ പ്രവൃത്തികൾ തടസ്സപ്പെട്ടിട്ടുണ്ട്. ഇപ്പോൾ കാലവർഷം തുടങ്ങിയതിനാൽ പ്രവൃത്തികൾ നിർത്തിവച്ചിരിക്കുന്നു. |
| (ഡി) | എങ്കിൽ തടസ്സങ്ങൾ നീക്കി കാസർഗോഡ് ഹാർബറിന്റെ പ്രവൃത്തി എന്ന് പൂർത്തിയാക്കാനാകും എന്ന് അറിയിക്കുമോ? | (ഡി) | കാസർഗോഡ് ഫിഷറി ഹാർബറിന്റെ നിർമ്മാണം ഇനിയും തടസ്സങ്ങൾ ഉണ്ടാവാതെ പുരോഗമിക്കുകയാണെങ്കിൽ പ്രവൃത്തി 2013 ഡിസംബറിൽ പൂർത്തീകരിക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ